പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4662    20. 10.11 ൽ മറുപടിയ്ക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - അടിസ്ഥാന സൗകര്യ വികസനത്തിന് ഭൂമി

ചോദ്യം

ശ്രീ. ബി.സത്യൻ

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; കഴിഞ്ഞ സർക്കാർ ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; നഷ്ടപരിഹാര പാക്കേജിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് ഭൂമിയും മറ്റ് ധനസഹായവും നൽകിയിട്ടുണ്ട് ; | എ | തുറമുഖ പദ്ധതിയ്ക്കായി ആകെ 120 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13.99 ഹെക്ടർ ഭൂമി ഏറ്റെടുത്തു. നഷ്ടപരിഹാര പാക്കേജിന്റെ ഭാഗമായി 6 കുടുംബങ്ങൾക്ക് ഭൂമിയും മറ്റ് ധനസഹായങ്ങളും നൽകിയിട്ടുണ്ട്. |
| ബി | വി.ഐ.എസ്.എൽ-ന്റെ സി.ഇ.ഒ അഥവാ എം.ഡി ആയി ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; ഈ ഉദ്യോഗസ്ഥന്റെ അക്കാദമിക് ടെക്നിക്കൽ യോഗ്യതകൾ എന്തൊക്കെയാണ് ;വിശദമാക്കുമോ ; | ബി | കിൻഫ്രാ മുൻ എം.ഡി ആയിരുന്ന ശ്രീ.എ.എസ്.സുരേഷ് ബാബു ആണ് എം.ഡി ആയി ഇപ്പോൾ ചുമതല വഹിക്കുന്നത്. ഇദ്ദേഹത്തിന്റെ അക്കാദമിക്/ ടെക്നിക്കൽ യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br>1. എൻജിനീയറിംഗിൽ ബിരുദം<br>2. മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം (എം.ബി.എ)<br>3. അടിസ്ഥാന സൗകര്യ മേഖലയിൽ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളിൽ 30 ൽ പരം വർഷത്തെ പരിചയം.<br>4. ലൈഫ് മെമ്പർ-ആൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷൻ. |
| സി | വി.ഐ.എസ്. എൽ.-ന്റെ ഓഫീസ്, ഇപ്പോൾ പ്രവർത്തിക്കുന്ന ട്രാൻസ് ടവറിൽ നിന്ന് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ? | സി | വി.ഐ.എസ്. എൽ.-ന്റെ ഓഫീസ് കൂടുതൽ വിസ്തീർണ്ണമുള്ള പുതിയ ഓഫീസിലേക്ക് മാറുവാൻ 28-09-2011 ൽ കൂടിയ വി.ഐ.എസ്.എൽ ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ